**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കിഴക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി. പി.പി. ശാന്തയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1984/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 15.06.2017

===============================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.08.2006-ലെ ഇ 9-(വിഇ 10/2006/പികെഡി) 18364/04 നമ്പർ കത്ത്

2. സർക്കാരിന്റെ 30.01.2015-ലെ 68489/ഇപിബി3/2008/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. പി.പി. ശാന്ത തീയതി വയ്ക്കാതെ സമർപ്പിച്ച മറുപടി

4. പഞ്ചായത്ത് ഡയറക്ടറുടെ 12.08.2016-ലെ ഡി10-29099/2004 നമ്പർ കത്ത്

**ഉത്തരവ്**

കിഴക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ എസ്.ജി.ആർ.വൈ. പദ്ധതിയുടെ ഫണ്ടിൽ നിന്നും 1,05,000/- രൂപ ചെക്ക് മോഷ്ടിച്ച് മാറിയെടുത്തതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 50/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് ക്രമക്കേടുകൾക്ക് ഉത്തരവാദിയെന്ന് കണ്ടെത്തിയ അന്നത്തെ ജൂനിയർ സൂപ്രണ്ട് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. ടി.പി. ശാന്തയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും; ടിയാൾ കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് സമ്മതമാണെന്ന് അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കിഴക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ടി.പി. ശാന്തയ്ക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 59(ബി) പ്രകാരം; ടിയാരിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 50/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്,**

ജോയിന്റ് സെക്രട്ടറി

1. ശ്രീമതി. ടി.പി. ശാന്ത, മുൻ ജൂനിയർ സൂപ്രണ്ട്, കിഴക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

**(മറുപുറം....)**